(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) പോലീസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെയാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 475 വിജിലൻസ് കേസുകൾ തീർപ്പാകാതെ ഉണ്ടായിരുന്നു.

(ബി) 418 വിജിലൻസ് കേസുകൾക്ക് തീർപ്പ് കൽപ്പിച്ചു.

(സി) 738 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തു.

(ഡി) 26 ഉദ്യോഗസ്ഥർക്കെതിരെ.

വിജിലൻസ് കേസുകൾ

103 (1858) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വിജിലൻസ് കോടതികളിലായി എത്ര കേസുകളാണ് കെട്ടിക്കിടക്കുന്നത് ; കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ എത്ര കേസുകൾ തീർപ്പാക്കി ;

(ബി) ഈ കാലയളവിൽ എത്ര പുതിയ കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) "877" കേസുകൾ കെട്ടിക്കിടക്കുന്നു. കഴിഞ്ഞ 5 വർഷത്തിനിടയിൽ "230" കേസുകൾ തീർപ്പാക്കി.

(ബി) "738" പുതിയ കേസുകൾ.

വിജിലൻസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ

104 (1859) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡണൈസേഷന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥ നിയമനത്തിന് പ്രത്യേക മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പുതിയ ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ : എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ :

(ഡി) വിജിലൻസ് ഉദ്യോഗസ്ഥർ ഷെയർ മാർക്കറ്റ് ബിസിനസ്, റിയൽ എസ്റ്റേറ്റ് ബിസിനസ്, വരുമാനം ഉദ്ദേശിച്ചുള്ള സിനിമാ/സീരിയൽ അഭിനയം എന്നിവ നടത്തുന്നതിന് വിലക്കുണ്ടോ : വിജിലൻസ് ഉദ്യോഗസ്ഥർ ആരെങ്കിലും അത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നതായി അറിവുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫാക്സ്/സ്കാൻ മെഷീനുകൾ, വിവിധതരം ആധുനിക ക്യാമറകൾ, കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്കു പകരം പുതിയ വാഹനങ്ങൾ എന്നിവ വാങ്ങി വിജിലൻസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ഓൺലൈൻ വഴി പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ വിജിലൻസിന്റെ ഓഫീസ് കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

ജീവനക്കാർക്ക് സി-ഡാക്ക്-ൽ കമ്പ്യൂട്ടർ പരിശീലനം നൽകി വിജിലൻസ് കേസ്/അന്വേഷണം/രഹസ്യാന്വേഷണം/മിന്നൽ പരിശോധന എന്നിവയുടെ വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. വിജിലൻസ് വകുപ്പിൽ SPARK നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ കെട്ടിക്കിടക്കുന്ന കേസുകളും അന്വേഷണങ്ങളും ത്വരിതപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് II എന്ന ഓഫീസ് സ്ഥാപിക്കുന്നതിന് 7-6-2010-ലെ ജി.ഒ(എംഎസ്.) 20/10/വിജി. പ്രകാരം ഉത്തരവാകുകയും ഈ ഉത്തരവ് പ്രകാരം ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 69 ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുകയും ചെയ്തു.

(ബി) വിജിലൻസ് വകുപ്പിലെ അന്വേഷണ ഉദ്യോഗസ്ഥർ പോലീസ് ഉദ്യോഗസ്ഥരാണ്. പോലീസ് ഡ്രൈവർമാരേയും, പോലീസ് കോൺസ്റ്റബിൾ മുതൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥരെയും അനുയോജ്യത അനുസരിച്ച് പോലീസ് ഡയറക്ടർ ജനറൽ ഈ വകുപ്പിലെ ഒഴിവുകൾ വരുന്നതിനുസരിച്ച് നിയമനം നൽകുന്നു. ഇവരെ ഈ വകുപ്പിലെ പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) ഒഴിവുള്ള സ്ഥാനങ്ങളിൽ നിയമിക്കുന്നു. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടു മുതൽ ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥരെ സർക്കാർ നിയമിക്കുന്നു. വിജിലൻസ് വകുപ്പിന്റെ നിയമ വിഭാഗത്തിൽപ്പെടുന്ന ലീഗൽ അഡ്വൈസർ, അഡീഷണൽ ലീഗൽ അഡ്വൈസർമാർ എന്നിവരെയും സർക്കാർ നിയമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിജിലൻസ് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ), ആഡിറ്റ് ആഫീസർ എന്നീ തസ്തികകളിലേക്ക് മറ്റു വകുപ്പുകളിലെ യോഗ്യരായ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നു. വിജിലൻസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും, പാർട്ട് ടൈം സ്വീപ്പേഴ്സിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമിക്കുന്നു.

(സി) ഉണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നവീകരണത്തിനായി 2009-2010 സാമ്പത്തിക വർഷത്തിൽ താഴെപറയുന്ന വാഹനങ്ങളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

വാഹനങ്ങൾ

1.	ടൊയോട്ട ഇന്നോവ	-	1
2.	ഷെവർലെ tവേര	-	3
3.	മോട്ടോർ സൈക്കിൾ	-	4

ഉപകരണങ്ങൾ

1.	കമ്പ്യൂട്ടർ	-	41 എണ്ണം
2.	ഡോട്ട് മാട്രിക്സ് പ്രിന്റർ	-	10 എണ്ണം
3.	ഡെസ്ക്ടോപ്പ് യു.പി.എസ്.	-	40 എണ്ണം
4.	ലേസർ പ്രിന്റർ (സാംസംഗ്)	-	1 എണ്ണം
5.	കമ്പ്യൂട്ടർ tടബിൾ, കസേര	-	40 എണ്ണം
6.	ഡിജിറ്റൽ ക്യാമറ	-	1 എണ്ണം

2010-11 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1.	കമ്പ്യൂട്ടർ	-	50 എണ്ണം
2.	ഫോട്ടോകോപ്പിയർ	-	2 എണ്ണം
3.	ലേസർ പ്രിന്റർ	-	17 എണ്ണം
4.	ഡെസ്ക്ടോപ്പ് യു.പി.എസ്.	-	50 എണ്ണം
5.	കമ്പ്യൂട്ടർ tടേബിൾ, കസേര	-	50 എണ്ണം

കൂടാതെ താഴെപ്പറയുന്ന ഉപകരണങ്ങളും വാഹനങ്ങളും MOPF സ്കീമിൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1.	ലാപ്ടോപ്പ്	-	5 എണ്ണം
2.	ഡിജിറ്റൽ ക്യാമറ	-	10 എണ്ണം
3.	പെൻക്യാമറ	-	20 എണ്ണം
4.	റിസ്റ്റ് വാച്ച് ക്യാമറ	-	10 എണ്ണം
5.	ബാഗ് ക്യാമറ	-	10 എണ്ണം
6.	ബട്ടൺ ക്യാമറ	-	6 എണ്ണം
7.	മാരുതി സ്വിഫ്റ്റ് ഡീസൽ കാർ	-	4 എണ്ണം

(ഡി) സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രതിഫലം ലഭിക്കുന്ന മറ്റു പ്രവൃത്തികളിൽ ഏർപ്പെടുന്നതിൽ വിലക്കുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോക്ക് പ്രത്യേക നിയന്ത്രണങ്ങൾ നിലവിലില്ല. ഇതു സംബന്ധിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റചട്ടം (1960) റൂൾ 83, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥർക്കും ബാധകമാണ്. ഇപ്രകാരം ചട്ടങ്ങൾക്ക് വിരുദ്ധമായി വിജിലൻസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹോം സ്റ്റേ പദ്ധതി

105 (1861) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുള്ള ഹോം സ്റ്റേ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഇതിനകം എത്ര ഹോം സ്റ്റേകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(സി) ഹോം സ്റ്റേ അംഗീകാരം നൽകാനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) ഹോംസ്റ്റേകളുടെ പ്രവർത്തനത്തിൽ ടൂറിസം വകുപ്പിന് നിയന്ത്രണാധികാരം ഉണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) എല്ലാ ടൂറിസം കേന്ദ്രങ്ങളോടുമനുബന്ധിച്ച് കൂടുതൽ ഹോം സ്റ്റേകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly